[ശ്രീ. വക്കം പുരുഷോത്തമൻ : ഞാൻ തറപ്പിച്ചു പറഞ്ഞതു് മെമ്പർ മനസ്സിലാക്കണം. വേൾഡ് ബാങ്കാണു് ഇതെല്ലാം തിരഞ്ഞെടുത്തതു്, സംസ്ഥാന ഗവൺമെൻറല്ല. സംസ്ഥാന ഗവൺമെൻറുദ്യോഗസ്ഥൻമാർ വേൾഡ് ബാങ്കിനു് വേണ്ടുന്ന അസിസ്റ്റൻസു കൊടുക്കുകയാണു് ചെയ്തതു്. രണ്ടാമത്തെ കാര്യം ഗവൺമെൻറു് സമ്മതിക്കുന്നു രോഗബാധിത പ്രദേശങ്ങളിൽ റീപ്ലാൻറിംഗ് വേണം. അതിനു് സംസ്ഥാന ഗവൺമെൻറു് ഒരു സ്കീം ഉണ്ടാക്കുന്നുണ്ടു്. പൈലറ്റ് പ്രോജക്റ്റ് സ്കീം ഇവിടെ നടപ്പിലാക്കുന്നുണ്ടു്. കൂടുതൽ സ്ഥലത്തു് നടപ്പാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെൻറു് നടപടികളും സ്വീകരിച്ചു വരുന്നുണ്ടു്. വേൾഡ് ബാങ്കു് രോഗബാധിത പ്രദേശങ്ങളിൽ ഇതിനു് സഹായം നൽകുകയില്ലെന്നു പറഞ്ഞതുകൊണ്ടാണു് ബുദ്ധിമുട്ടു വന്നതു്.

[ശ്രീ. പി. ജെ. ജോസഫ് : ഇതിൽ കേരകൃഷിക്കും കുരുമുളകു് കൃഷിക്കും പ്രത്യേകമായി എത്ര തുകയാണു് അവർ പ്രൊപ്പോസു് ചെയ്തിരിക്കുന്നതെന്നു് പറയാമോ ?

[ശ്രീ. വക്കം പുരുഷോത്തമൻ : വളരെ വിശദമായിട്ടുള്ള കാര്യങ്ങളൊന്നും എൻറെ കയ്യിലില്ല.

Coconut and pepper—Rs. 42 crores.

Seed Garden Complex-Staff and other facilities—Rs. 16.51 crores.

പ്ലാൻറേഷൻ കോർപ്പറേഷൻ കാഷ്യൂവിനുവേണ്ടി 5.1 കോടി ഉറുപ്പികയും റബ്ബർ ബോർഡിൻറെ കീഴിൽ പ്രൊമ്പു റബ്ബറിനുവേണ്ടി 8.2 കോടി രൂപയുമാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

(III) WRITTEN ANSWERS

തടവുകാർക്കു് ശിക്ഷയിൽ അനുവദിച്ചിട്ടുള്ള ഇളവു്

* 39. [66] [ശ്രീ. സി. ബി. സി. വാര്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) 1976 ഒക്ടോബറിൽ മന്ത്രിസഭ 6 വർഷം തികച്ചതിനെ ആഘോഷിക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്തെ ജയിലുകളിലുള്ള തടവുകൾക്കു് വിവിധ രൂപത്തിലുള്ള ശിക്ഷ ഇളവു് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഇളവിൻറെ വിശദാംശം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഇളവുമൂലം എത്രപേർക്കു് തടവിൽനിന്നും മോചനം ലഭിച്ചു ;

(ഡി) മോചനത്തിനുള്ള അർഹത നിർണ്ണയിക്കുന്നതിനു ജയിലിൽ കിടന്ന വർഷം കണക്കാക്കുന്നിടത്തു് ജയിൽ ചട്ടങ്ങളും പ്രകാരവും മറ്റും അവർ നേടിയിട്ടുള്ള ഇളവുകളും കണക്കിലെടുക്കാൻ വ്യവസ്ഥപ്പെടുത്താതിരുന്നതുമൂലം ഈ ഇളവിൻറെ പ്രയോജനം ദീർഘനാൾ ജയിൽവാസം അനുഭവിച്ചിട്ടുള്ള ഒരു വലിയ വിഭാഗത്തിനു് പ്രയോജനം ചെയ്യാതെ പോയി എന്നു് ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഉണ്ട്.

(ബി) ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്തു വച്ചിട്ടുണ്ട്. † (ജി. ഒ. എം. എസ്. 136/76/ഹോം ഡേറ്റഡ് 14-10-1976) †

(സി) 178 പേർക്ക്.

(ഡി) ഇല്ല. ശിക്ഷയിളവ് ദീർഘകാല ശിക്ഷക്കാർക്കും അനുവദിക്കുകയും അവർ അനുഭവിച്ചശിക്ഷകാലമായി പ്രസ്തുത കാലയളവ് കണക്കാക്കുകയും ചെയ്യും.

(ഇ) ഉദ്ദേശിക്കുന്നില്ല.

ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നഷ്ടം

* 40. [67] ശ്രീ. ടി. കെ. കൃഷ്ണൻ,

,, പി. എൻ. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത മന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ നഷ്ടത്തിൽ നടക്കുന്നുവെന്നതു കൊണ്ട് പ്ലാനിംഗ് കമ്മീഷൻ അതിനുസഹായം നൽകാൻ വിസമ്മതിക്കുന്നതായി അറിയുന്നത് ശരിയാണോ ;

(ബി) യാത്രക്കൂലി കൂട്ടിയതിനെത്തുടർന്ന് കെ. എസ്. ആർ. ടി. സി. ലാഭകരമായി പ്രവർത്തിക്കാൻ തുടങ്ങിയിട്ടുള്ളതിനാൽ പ്ലാനിംഗ് കമ്മീഷൻ അതിന്റെ നിലപാട് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) നഷ്ടമില്ലാതാക്കാൻ കോർപ്പറേഷൻ എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നഷ്ടത്തിൽ ഓടിക്കൊണ്ടിരിക്കുന്ന സർവ്വീസുകൾ നിറുത്തലാക്കാനും ഉള്ള സർവ്വീസുകൾ കാര്യക്ഷമമാക്കാനും ലാഭകരമായി നടത്തുന്നതിനുമുള്ള എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ചിട്ടുണ്ട്.

സിമന്റു ഫാക്ടറി

* 41. [68] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ,

ശ്രീ. എം. കൃഷ്ണൻ,

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള,

ശ്രീ. എം. ഐ. മാർക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സിമന്റ് ഫാക്ടറികൾ സ്ഥാപിക്കുന്നതിനുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

† Appendix II

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[Please *see* answer to starred question No. 39 (66)]

GOVERNMENT OF KERALA

Abstract

JAILS—REMISSIONS—GRANT OF SPECIAL REMISSION TO PRISONERS IN CONNECTION WITH THE COMPLETION OF TERM OF SIX YEARS OF THE MINISTRY—ORDERS ISSUED

HOME (B) DEPARTMENT

G.O.(MS) No.139/76/Home. *Dated, Trivandrum, 14th October* 1976.

Read :—1. Letter No. G3-26875/75 dated 6-10-1975 from the Inspector General of Prisons.

ORDER

In exercise of the powers conferred by Section 432 of the Code of Criminal Procedure, 1973 (Act No. 2 of 1974), the Government of Kerala are pleased to order remissions in sentences of imprisonment to prisoners as detailed below in connection with the completion of term of six years of the Ministry.

(i) All lifers who have completed 12 years of actual imprisonment will be released conditionally on probation for a period of 2 years to bind their release.

(ii) Those lifers who have completed 10 years of actual imprisonment will be released conditionally with a probation period of 4 years to bind their release.

(iii) All other lifers will be granted remission of one month for each completed year of sentence without interruption subject to a minimum of three months.

(iv) All long term prisoners whose sentence is 2 years and above will be given 3 months remission irrespective of the sentence.

(v) All those whose sentence is one year and up to 2 years will be given remission of 2 months.

(vi) All those whose sentence is 3 months and above and up to one year will be given remission of one month.

(vii) All prisoners whose unexpired portion of sentence including remission is one month and below will be released.

(viii) These special remissions will count for the purpose of Advisory Board.

2/341/S

LIBRARY ARCHIVES Kerala Legislative Assembly

(ix) All those prisoners sentenced to suffer death and whose mercy petitions are pending with the State Governor will be given commutation of sentence to one of life imprisonment.

x) Prisoners convicted under D.I.R. habitual prisoners and those under security and fine sentences will not be eligible for the benefits of this special remission.

(xi) The remissions will take effect from 4-10-1976.

(xii) The remissions granted above will apply to prisoners who have been convicted by the courts in the State of Kerala but are serving their sentences in the Jails of other states.

By order of the Governor,

G. SUKUMARAN NAIR,
Joint Secretary.

To,

The Secretary to Government of India,
Ministry of Home Affairs,
New Delhi....etc.,

LIBRARY ARCHIVES Kerala Legislative Assembly